നം: **47/PR/2023/I&PRD**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ : **0471 2518637**
തീയതി : **13/10/2023**

## ക്വട്ടേഷൻ ക്ഷണിക്കുന്നു

കേരളീയം 2023 പരിപാടിയുടെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ 2023 ഒക്ടോബർ അവസാന വാരം തിരുവനന്തപുരത്തു സംഘടിപ്പിക്കുന്ന ഓപ്പൺ എയർ മെഗാ ക്വിസ് ഷോ എന്ന പരിപാടിക്കായി വേദി സജ്ജമാക്കുന്നതിനും അലങ്കരിക്കുന്നതിനും വേദിയിൽ ബാക് ഡ്രോപ്പ് ഒരുക്കുന്നതിനും ഈ പരിപാടിയുടെ പ്രചാരണാർഥമുള്ള ബോർഡുകൾ നിർമിച്ചു വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനും ഈ രംഗത്തു പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

മുദ്രവച്ച ക്വട്ടേഷനുകൾ **2023 ഒക്ടോബർ 20ന് ഉച്ചയ്ക്ക് 12:00നു** മുൻപായി ഡെപ്യൂട്ടി ഡയറക്ടർ(മീഡിയ റിലേഷൻസ്), ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കണം. ക്വട്ടേഷനുകൾ **2023 ഒക്ടോബർ 20ന് ഉച്ചകഴിഞ്ഞു മൂന്നിനു** ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഡെപ്യൂട്ടി ഡയറക്ടർ(മീഡിയ റിലേഷൻസ്)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പകർപ്പ്
1) ഐപിആർഡി വെബ്സൈറ്റ്
2) നോട്ടീസ് ബോർഡ്
3) ഓഫിസ് കോപ്പി